# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1809 16.06.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര-വൻകിട ബിസിനസുകാരെ ഒഴിവാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി നാളിതുവരെ എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്;ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ നൽകാമോ; | (എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി നാളിതുവരെ 1730 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം വകുപ്പുകൾ ഈ കേസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) Kerala Money Lenders Act Sec.3, 4r/w 17,18,18(A) വകുപ്പുകൾ പ്രകാരവും Kerala Prohibition of Charging Exorbitant Interest Act, Sec.3,4 r/w 9(2) വകുപ്പുകൾ പ്രകാരവും Prize, Chit Money Circulation Banning Act പ്രകാരവും IPC Secs. 420 ,406, 468, 471 പ്രകാരവുമുള്ള വകുപ്പുകളാണ് ഇതുമായി ബന്ധപ്പെട്ട കേസുകളിൽ നിയമലംഘനങ്ങൾക്ക് അനുസൃതമായി ഉൾപ്പെടുത്തിവരുന്നത്. |
| (സി) പ്രസ്തുത നടപടിയുടെ ഭാഗമായി ചെറിയ തോതിൽ ബ്ലേഡ് ബിസിനസ്സ് നടത്തുന്നവരെയാണ് പോലീസ് അറസ്റ്റ് ചെയ്യുന്നതെന്നും വൻകിട ബ്ലേഡുകാർക്കെതിരെ നടപടി എടുക്കാൻ പോലീസിന് കഴിയുന്നില്ലെന്നും ഉള്ള പത്രദൃശ്യമാധ്യമങ്ങളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആരോപണം സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ; അല്ലെങ്കിൽ വസ്തുതയുടെ അടിസ്ഥാനത്തിൽ വിശദീകരണം നൽകാമോ? | (സി) ഇത്തരം ആരോപണം ഉന്നയിച്ചിട്ടുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ അനധികൃത പണമിടപാട് നടത്തുന്ന മാഫിയകൾക്കെതിരെ മുഖം നോക്കാതെയുള്ള കർശന നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഫലമായി 1730 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ വൻകിട പണമിടപാടുകൾ നടത്തിയിട്ടുള്ളവരും ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| 344 | ഓപ്പറേഷൻ കുബേര പ്രകാരംകേസ്സെടുത്തി ട്ടുള്ളവരുടെ എണ്ണം |
|---|---|
| DISTRICTS | |
| TVM C | 156 |
| TVM RL | 58 |
| KLM C | 101 |
| KLM R | 107 |
| PTA | 56 |
| ALP | 123 |
| KTM | 115 |
| IDK | 93 |
| EKM C | 103 |
| EKM R | 177 |
| TSR C | 52 |
| TSR R | 49 |
| PKD | 187 |
| MPM | 119 |
| KKD C | 43 |
| KKD R | 95 |
| WYD | 23 |
| KNR | 46 |
| KSD | 27 |
| RLYS | 0 |
| **TOTAL** | **1730** |